## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 722 15/07/2014-ലെ മറുപടിക്ക്.

## പോലീസിലെ സംഘടനാ പ്രവർത്തനങ്ങൾ

| ചോദ്യം : | ഉത്തരം : |
|---|---|
| ശ്രീ. സി. ദിവാകരൻ<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീ. ജി. എസ്. ജയലാൽ<br>ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി |

| | |
|---|---|
| എ). പോലീസിലെ സംഘടനാ പ്രവർത്തനങ്ങൾക്കെതിരെ ഹൈക്കോടതി വിമർശനമുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരത്തിൽ ഒരു വിമർശനം ഉണ്ടാകാനിടയായ സാഹചര്യങ്ങൾ എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ; | പോലീസിലെ സംഘടനാ പ്രവർത്തനങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി വാക്കാലുള്ള പരാമർശം നടത്തിയിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ മനോജ് വധക്കേസുമായി ബന്ധപ്പെട്ട് പയ്യോളി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 84/12 കേസിന്റെ തുടരന്വേഷണം സി.ബി.ഐ-യെ ഏൽപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ബോധിപ്പിച്ച ഒരു പൊതുതാൽപര്യ ഹർജി (W.P (C) 3151/14) പരിഗണിക്കവെയാണ് ബഹു. ഹൈക്കോടതി വാക്കാലുള്ള പരാമർശം നടത്തിയിട്ടുള്ളത്. |
| ബി). ഹൈക്കോടതി വിമർശനത്തിന്റെ പശ്ചാത്തലത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ? | ഇതു സംബന്ധിച്ച് ഹൈക്കോടതിയുടെ അന്തിമ വിധിയുടെ അടിസ്ഥാനത്തിൽ ആവശ്യമെങ്കിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ